ക്കത്തിന്റെ ഫലമായിട്ട് കൃഷി ഏതാണ്ട് പകുതിയിലധികം നശിച്ചു പോയിട്ടുണ്ട്. ഈ നിലയിൽ കൃഷി നശിക്കുകയും വരൾച്ച ബാധിക്കുകയും ഒക്കെ ചെയ്യുന്ന സ്ഥിതിക്ക് പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ തുടർന്നും കൃഷിക്കാർക്ക് കൃഷിയിറക്കാൻ കഴിയുകയുള്ളൂവെന്നതാണ് സ്ഥിതി. ഈ വർഷം ഒട്ടേറെ തരിശ് ഇട്ടിരിക്കുന്ന നിലങ്ങൾ അടക്കം കൃഷി ചെയ്യുന്നതിന് കൃഷിക്കാർക്ക് ജലസേചനസൗകര്യം ഉണ്ടാക്കുന്നതിനും വെള്ളപ്പൊക്കത്തിന്റെ കെടുതികൾ ഉണ്ടാകാതിരിക്കാനും സഹായകമായി ഒരു നെല്ല് ഉൽപ്പാദക വികസന ഏജൻസി രൂപീകരിച്ച് അതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചുവെങ്കിൽ മാത്രമേ പാടശേഖരങ്ങളിലെ കൃഷിക്കാരെയും കൃഷിയേയും രക്ഷിക്കാൻ കഴിയുകയുള്ളൂ. അതിന് ആവശ്യമായിട്ടുള്ള ഉത്തരവും നടപടികളും ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : ആലപ്പുഴ ജില്ലയിലെ പാലമേൽ, നൂറനാട് പഞ്ചായത്തുകളിലും പത്തനംതിട്ടയിലെ പന്തളം പഞ്ചായത്തിലുമായി വ്യാപിച്ചു കിടക്കുന്ന 1037 ഹെക്ടർ വിസ്തൃതിയുള്ള കരിങ്ങാലിച്ചാൽ പുഞ്ചയിൽ ഒരുപൂ കൃഷി മാത്രമാണ് നടന്നു വന്നിട്ടുള്ളത്. ഇവിടത്തെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി മുപ്പൂ കൃഷി ചെയ്യുന്നതിന് ഒരു പദ്ധതി ഗവണ്മെന്റ് ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. ഇതിനായി 38.26 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നല്കുകയും 35 ലക്ഷം രൂപ ഇതിനകം നൽകുകയും ചെയ്തിട്ടുണ്ട്. കരിങ്ങാലിച്ചാൽ പുഞ്ച, മുപ്പൂ കൃഷി ചെയ്യുന്നതിന് സജ്ജമാക്കുന്ന വിധത്തിലുള്ള നടപടികൾ കൈക്കൊണ്ടു വരുന്നതിനാൽ ഒരു പുതിയ വികസന ഏജൻസിയുടെ ആവശ്യകത ഇവിടെയില്ല. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുത്ത് കൃഷി സംരക്ഷിക്കുന്നതിന് ആവശ്യമായിട്ടുള്ള എല്ലാ നടപടികളും ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും.

(6) പാലക്കാട് ജില്ലയിലെ കർഷകർക്ക് ഉൽപ്പാദന ബോണസ്

ശ്രീ. കെ. അച്ചുതൻ : സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് പാലക്കാട് ജില്ലയിലെ പല സ്ഥലത്തും ഒന്നാംവിള കൃഷിയിറക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ മൂന്നുനാല് സീസണായി ഉൽപ്പാദന ബോണസ് നൽകിയിട്ടില്ല. ആറു കോടി രൂപ ഉൽപ്പാദന ബോണസ് നൽകുന്നതിന് ആവശ്യമാണെന്ന് മനസ്സിലാകുന്നു. ഇപ്പോൾ 350 രൂപയാണ് ഹെക്ടറിന് ഉൽപ്പാദന ബോണസ് നൽകുന്നത്. കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി, ഉൽപ്പാദന ബോണസ് ഹെക്ടറിന് ആയിരം രൂപയാക്കുമെന്ന് പ്രഖ്യാപിച്ചുവെങ്കിലും ഇതുവരെ ആ ആയിരം രൂപയുടെ ഒരു രേഖയും കൃഷി ഓഫീസിൽ എത്തിയിട്ടില്ല. എത്ര രൂപയാണ് നൽകുന്നതെന്ന് കൃഷിക്കാർക്ക് ഇനിയും മനസ്സിലായിട്ടില്ല. ഏതായാലും കഴിഞ്ഞ രണ്ട് സീസണിലും നെല്ല് സംഭരണത്തിനുവേണ്ടി കോടിക്കണക്കിന് രൂപ മാറ്റി വച്ചുവെങ്കിലും ആ തുകയൊന്നും ചെലവാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി പാലക്കാട് ജില്ലയിലെ കർഷകർക്ക് ഉൽപ്പാദന ബോണസ് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : ഇപ്പോഴത്തെ നിലയിൽ ഉല്പാദന ബോണസ് ഗ്രാമ പഞ്ചായത്ത് നഗരസഭകൾ വഴിയാണ് വിതരണം ചെയ്യുന്നത്. 1997-98-ൽ ഒന്നാം വിളയ്ക്ക് ഉൽപ്പാദന ബോണസ് നൽകുന്നതിനായി 2,79,83,000 രൂപ ഗ്രാമ പഞ്ചായത്തുകൾക്കും 36,27,000 രൂപ പാലക്കാട് ജില്ലയിലുള്ള നഗരസഭകൾക്കും കൃഷി വകുപ്പ് നൽകിയിട്ടുണ്ട്. രണ്ടാം വിളകൾക്ക് ഉൽപ്പാദന ബോണസ് നൽകുന്നതിനു വേണ്ടി ഇതിനകം 60 ലക്ഷം രൂപ അവിടത്തെ കൃഷി വകുപ്പിന്റെ ജോയിന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. 350 രൂപ വച്ചാണ് ഇപ്പോൾ പ്രൊഡക്ഷൻ ബോണസ് നൽകുന്നത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ അത് 250 രൂപയായിരുന്നു. ഈ ഗവണ്മെന്റാണ്, ഹെക്ടർ ഒന്നിന് 100 രൂപ കൂടി വർദ്ധിപ്പിച്ച് 350 രൂപ ആക്കിയത്. പാലക്കാട് ജില്ലയിൽ പ്രൊഡക്ഷൻ ബോണസ് കൊടുക്കാനായി ഈ വർഷത്തെ ബഡ്ജറ്റിൽ 10,62,35,000 രൂപ വകയിരുത്തിയിട്ടുണ്ട്. 12-ാം തീയതിയാണ് കൃഷി വകുപ്പിലേക്കുള്ള ധനാഭ്യർത്ഥന പാസ്സാക്കുന്നത്. അത് പാസ്സാക്കി, നടപടിക്രമം പൂർത്തിയാക്കിയാൽ അടിയന്തിരമായും ഈ തുക നൽകുന്നതായിരിക്കും.

(7) പെൻഷൻ പരിഷ്ക്കരണ ആനുകൂല്യങ്ങൾ ഇലക്ട്രിസിറ്റി ബോർഡ് പെൻഷണേഴ്സിനും നൽകണമെന്ന ആവശ്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : 1957-ൽ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റ് നിർത്തലാക്കി സ്വയംഭരണാവകാശമുള്ള ബോർഡ് രൂപീകരിച്ചപ്പോൾ പുറപ്പെടുവിച്ച ഗവണ്മെന്റ് ഓർഡർപ്രകാരം സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കാലാകാലങ്ങളിൽ നൽകുന്ന ആനുകൂല്യങ്ങൾ ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാർക്കു കൂടി ലഭ്യമാക്കുമെന്ന് ഉറപ്പു നൽകിയിരുന്നു. കാലാകാലങ്ങളിൽ ബോർഡ് ജീവനക്കാർക്ക് മറ്റു സർക്കാർ ജീവനക്കാരെക്കാൾ മെച്ചപ്പെട്ട ആനുകൂല്യം നൽകുന്നുണ്ടെങ്കിലും പെൻഷൻകാർക്ക് തദനുസൃതമായ വർദ്ധനവ് നാളിതുവരെ നൽകിയിട്ടില്ല. ഇത്തരത്തിൽ ബോർഡ് പാലിക്കേണ്ട സാമാന്യമായ നീതി പാലിച്ചില്ലെന്നത് പോകട്ടെ. സാധാരണ ഗതിയിൽ അവർക്ക് ലഭിക്കേണ്ട രണ്ടാം ഗഡു ക്ഷാമബത്തയും 1998-ലെ ഉത്തരവു പ്രകാരമുള്ള ആനുകൂല്യങ്ങളും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ബോർഡ് ജീവനക്കാരുടെ ശമ്പള വർദ്ധനവ് ആനുപാതികമായി പെൻഷൻകാർക്കും അനുവദിക്കാത്തിടത്തോളം കാലം ജീവനക്കാരുടെ ശമ്പള വർദ്ധനവു വരെ പെൻഷൻകാരും കാത്തുനിൽക്കണം എന്നു പറയുന്നതിൽ യാതൊരു ന്യായവുമില്ല. വ്യക്തമായ ഒരു പെൻഷൻ നയം രൂപീകരിക്കുക, 2-ാം ഗഡു ക്ഷാമബത്ത നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ബോർഡ് പെൻഷൻകാർ നൽകിയ നിവേദനത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കുന്നില്ല. ആകാര്യത്തെക്കുറിച്ച് വകുപ്പുമന്ത്രിക്ക് നന്നായി അറിയാം. ഭാവിയിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ വീട്ടിൽ നിന്നും ഈ ആവശ്യം ഉന്നയിച്ചു വന്നേയ്ക്കാം. അതുകൊണ്ട് ഇലക്ട്രിസിറ്റി ബോർഡിലെ പെൻഷൻകാരോട് ബോർഡ് കരുണ കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : കഴിഞ്ഞ കാലങ്ങളിലെല്ലാം തന്നെ വൈദ്യുതി ബോർഡിൽ പെൻഷൻ പരിഷ്ക്കരണം നടപ്പിലാക്കിയിരുന്നത് സർക്കാർ ജീവനക്കാരുടെ പെൻഷൻ പരിഷ്ക്കരണത്തോടൊപ്പമല്ല, മറിച്ച് ബോർഡിലെ ശമ്പളപരിഷ്ക്കരണത്തോടൊപ്പമോ അതിനുശേഷമോ ആണ്. ഏറ്റവും ഒടുവിൽ ഇപ്രകാരം പരിഷ്ക്കരണം നടപ്പിലാക്കിയിട്ടുള്ളത് വർക്കേഴ്സ് വിഭാഗത്തിന് 1.8.93 മുതലും ഓഫീസർ വിഭാഗത്തിന് 1.7.93 മുതലുമാണ്. ബോർഡിൽ അടുത്ത ശമ്പള പരിഷ്ക്കരണ

LIBRARY ARCHIVES Kerala Legislative Assembly